little KITEs

# WINDOWS

DIGITAL MAGAZINE



## ജി.ജി.വി.എച്ച്.എസ്.എസ്
## ചെറുകുന്ന്

2023-2024

# G G V H S S CHERUKUNNU

## LITTLE KITES

DIGITAL MAGAZINE



# *WINDOWS*

സാങ്കേതികതയുടെ അക്ഷരജാലം
ഞങ്ങൾക്കും സ്വന്തം ................................
എഴുത്തിന്റെ മാസ്മരിക ദൃശ്യങ്ങൾക്ക്
ഞങ്ങളിതാ
ഈ ജാലകം തുറന്നിടുന്ന ..........................................



# ശ്രീമതി റീന എം വി

ഹെഡ്മിസ്ട്രസ്

വിദ്യാഭ്യാസരംഗത്ത് വിവരസാങ്കേതികവിദ്യയുടെ പിൻബലം ഒട്ടേറെ മാറ്റങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു.മാറ്റങ്ങൾക്കൊപ്പം നമ്മുടെ വിദ്യാലയവും മുന്നേറുകയാണ് .ഈ ഡിജിറ്റൽ മാഗസീൻ കുട്ടികളുടെ സർഗവാസനയുടെ സാങ്കേതികപ്രതിഫലനമാണ്.

എല്ലാവിധ ആശംസകളും



## ശ്രീ ഇ രാജേഷ്
പി ടി എ പ്രസിഡണ്ട്

ചെറുകുന്ന് ഗവൺമെന്റ് വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളിലെ

ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കിയ

സർഗാത്മകതയുടെ വിന്റോസിന് എല്ലാവിധ ഭാവുകങ്ങളും അറിയിക്കുന്നു.

<u>എഡിറ്റോറിയൽ ബോർഡ്</u>

ചീഫ് എഡിറ്റർ - ശ്രീമതി എം വി റീന (എച്ച് എം)

എഡിറ്റർ - ശ്രീമതി ശ്രീജ ടി പി (കൈറ്റ് മിസ്ട്രസ്)

- ശ്രീ നാരായണൻ വി ജെ പി (കൈറ്റ് മാസ്റ്റർ)

<u>അംഗങ്ങൾ-</u>

നിവേദിത പി

സ്തുതി കെ

ഫാത്തിമത്ത് ഷസ്ല

ഹന ഹാരിസ്

ചന്ദന ഷൈനു

ശ്രീവർഷ വിനോദ്

നക്ഷത്ര ഗംഗാധരൻ ഇ

വൈഗ കൃഷ്ണ ഒ വി

ആഷിയ എം വി

അവന്തിക അജയൻ

ഹയ ഫാത്തിമ

അന്വിതാ മധുസൂദനൻ

## ഓരോ ക്ലിക്കിലും ...................................


മഴക്കാലം വന്നപ്പോൾ
ലേർഡി ബേർഡ്
മോഹം
ത്രിശങ്കു
തേഞ്ഞുതീരുന്ന ഞാൻ
കാറ്റാടിക്ക് വിട
മഴയെ പ്രണയിച്ചവൾ
ബലി
ഒറ്റപ്പെടലിന്റെ വേദന
ഓർമ്മകളുടെ ജാലകം
ബെഫാനയുടെ സമ്മാനങ്ങൾ
ഒററപ്പെട്ട നക്ഷത്രം
ലഹരിവസ്തുക്കളുടെ ഉപയോഗം ഒരു സാമൂഹ്യ വിപത്ത്
അതിജീവനം
ഇന്ത്യയുടെ ബഹിരാകാശനേട്ടങ്ങൾ
അമ്മയും കുഞ്ഞും
റോസയും മുക്കുറ്റിയും
സായം സന്ധ്യ
ഓർത്തിടുന്നു ഞാൻ
ജീവനം
മാറി മറിയുന്ന സാങ്കേതിക വിദ്യ
ഓർമ്മകളുടെ ജാലകം
ചിത്രജാലകത്തിലൂടെ

## മഴക്കാലം വന്നപ്പോൾ

മാനത്ത് മഴത്തുള്ളികൾ പൊഴിയുന്നു
കണ്ണീർക്കടലാണെന്നപോൽ
എൻ കണ്ണുകൾ നിറയുന്നു
ആന്ദകണ്ണീർ ഒഴുകുന്നു



കൈകളിൽ തുള്ളിത്തുളുമ്പുന്നു
കണ്ണീർ മഴയാം തുള്ളികൾ
എന്നുടെ ദേഹം തണുക്കുന്നു
ചാറ്റൽ മഴയിൽ നനയുന്നു
കൈകളിൽ  നിറയുന്നു
മ ഴത്തുള്ളിയാം മുത്തുകൾ
ഇലകളിൽ നിന്നും ഒഴുകുന്നിതാ തുള്ളികൾ
മ ണ്ണിൽ വീണലിയുന്നു തുള്ളികൾ
ജലമുയരുന്നു മണ്ണിൽ
അമ്മയാം ഭൂമിയിൽ നിറയുന്നു
കണ്ണീർക്കടലാകുന്നു ഭൂമി
പ്രളയത്തിൽ മുങ്ങി നിവരുന്നു
മത്സ്യങ്ങളുണ്ട് ചുറ്റും
കാണാൻ കഴിയാതെ വരാം നമുക്ക്
മലിനജലമാണെങ്ങും
കെട്ടികിടപ്പൂ ഭൂമിയിൽ
വീടിൻ വരാന്തയിൽ
നിൽപ്പൂ ഞാൻ
വീടിൻ പടികടന്നെത്തുന്നു മാതാവ്
ആവി പറക്കും ചായയുമായ്
മറുകൈയ്യിൽ ഇരിപ്പൂ ചെറുതൊളയോടുകൂടിയിതാ
ഉഴുന്നുവടകൾ
മഴയത്തു തണുത്തിരിക്കുന്ന എന്നുടെ
അരികിൽ വന്നിരിക്കുന്നു മാതാവ്
ചായയും വടയും കഴിക്കുന്നു ഞാനാമഴയത്ത്
മഴമുത്തുകൾ  ചിരിക്കുന്നു
കണ്ടു ഞാനാമഴയിൽ
ഉറുമ്പുകൾ നിരയായി കയറുന്നു
എൻ വീടിനുള്ളിൽ നിറയുന്നു പലവിധമാം
ചെറുപ്രാണികൾ മാത്രം
മഴയതാ പോകുന്നു
വിണ്ണിൽ മഴവില്ലുകൾ മാത്രം
ഏഴുനിറമുണ്ടിപ്പോൾ വിണ്ണിൽ
സൂര്യനാൽ ചൂട്ടുപൊള്ളുന്ന ജലം
നീരാവിയായി ഉയരുന്നു വിണ്ണിൽ
വീണ്ടും ഇങ്ങനെ പല വിധമാറ്റങ്ങൾ

# ലേർഡി ബേർഡ്

ലേർഡി ബേർഡ് അമ്മുവിന്റെ ഒരു കൊച്ചുസ്വപ്നമായിരുന്നു. കുഞ്ഞുനാളിൽ അയൽപ്പക്കത്തെ കുട്ടുകാരൊക്കെ സൈക്കളിൽ കയറി തിമിർത്തുകളിക്കുമ്പോൾ അവളും ഒരു കൊച്ചുസ്വപ്നം നെയ്തിരുന്നു.ഒരു നാൾ ലേർഡി ബേർഡിൽ കയറി നിനുവും വന്ദനയുമോക്കെ കാണെ ചെത്തി വിലസണം.പക്ഷേ ആ മോഹം വൃഥാസ്വപ്നമാണെന്ന് അവൾക്കറിയാമായിരുന്നു . അമ്മയുടെ മരുന്നിന് തന്നെ ഒത്തിരി പണം വേണമെന്ന് അച്ഛൻ പറയാറുണ്ട് .



ചേട്ടൻ ഉയർന്ന ക്ലാസിലാണ് പഠിക്കുന്നത്. അവന്റെ പഠിപ്പിനും ഒത്തിരി ചെലവുണ്ടത്രേ . പരാതിയും പരിഭവവുമില്ലാത്ത ഒരു രാത്രി പോലും ഉണ്ടായിട്ടില്ല.അമ്മൂമയുടെ അസുഖത്തിന് കാണിക്കാത്ത ഡോക്ടർമാരില്ല . പാവം അച്ഛൻ ആരോടും ഒന്നും ആവലാതി പറയാതെ രാവിലെ തന്നെ പോകും.പലപ്പോഴും അച്ഛൻ ഓവർടൈം കൂടി ചെയ്യാറുണ്ട്.എന്നിട്ടും അവളുടെയും ചേട്ടന്റെയും അമ്മയുടെയും അമ്മൂമ്മയുടെയും ആവശ്യങ്ങൾക്കല്ലാതെ അച്ഛന്റെ ഒരു ആവിശ്യവും നിറവേറ്റുന്നത് അവൾ കണ്ടില്ല. അച്ഛന് ആകെ മൂന്ന് ഷർട്ടുകളാണ് ഉള്ളത്. ഒരിക്കൽ അമ്മു അച്ഛനോട് ചോദിച്ചു. എനിക്ക് അതൊക്കെ മതി മോളെ.നിങ്ങളൊക്കെ സന്തോഷിച്ചാൽ അവൾ അച്ഛനെ കെട്ടിപിടിച്ചു. എന്നിട്ട് പറഞ്ഞു. മോളെ ഈ വർഷം എൽ.എസ്.എസ് പരീക്ഷ ഉണ്ട്. എന്റെ മോൾ എൽ.എസ്.എസ് വാങ്ങിയാൽ അച്ഛൻ ഒരു സമ്മാനം തരും.

"ശരിയാണോ അച്ഛാ....”ഞാൻ വാങ്ങും .

അന്നവൾക്ക് സക്കൂളിൽ പോകാൻ പ്രത്യേക ഉത്സാഹമായിരുന്നു. ഓരോ ദിവസവും കൃത്യമായി പാഠങ്ങൾ പഠിച്ച് അവൾ പരീക്ഷയെ നേരിട്ടു.വൈകുന്നേരങ്ങളിലുള്ള പ്രത്യേക കോച്ചിംഗ് ക്ലാസുകളിലും അവൾ ഒന്നാമതായി.അങ്ങനെ പരീക്ഷ കഴിഞ്ഞു. രണ്ടുമാസത്തിനുശേഷം ഒരു ദിവസം പ്രീത ടീച്ചർ അവളെ വിളിച്ചു.

അമ്മുക്കുട്ടീ.... അടിച്ചല്ലോ കോള് .

അമ്മുവിന് അവളുടെ കാതുകളെ വിശ്വസിക്കാനായില്ല . അച്ഛൻ അന്ന് ഓവർടൈം കഴിഞ്ഞ് വരാൻ പത്ത് മണിയായിരുന്നു. അമ്മു ഉറങ്ങാതെ അച്ഛനെ കാത്തിരുന്നു.അടുത്തദിവസം അച്ഛൻ ലേർഡി ബേർഡ് സൈക്കിളുമായി വരുന്നത് കണ്ട് അവൾ അത്ഭുതപെട്ടു. അവൾക്ക് അവളുടെ കണ്ണുകളെ വിശ്വസിക്കാനായില്ല.

സാഗര വി.വി

# മോഹം



കടലുകൾ കടന്നുവരുന്ന തിരകൾ
എണ്ണിതീർക്കാൻ മോഹം.
ആകാശത്തിൽ വട്ടമിട്ടുപറക്കുന്ന
പറവയെ പോലെ  പറക്കാൻ മോഹം.
പുഴനീന്തിത്തുടിക്കും മീനിനെ പോലെ
പാടാൻ മോഹം.
മരക്കൊമ്പുകൾ തോറും പാടിക്കളിക്കും
അണ്ണാൻ കുഞ്ഞിനെ പോലെ
ചാടിക്കളിക്കുവാൻ മോഹം.
അംഗണത്തിലെ  പൂവിൽ തേനുണ്ടിരിക്കും
വണ്ടിനെ പോൽ തേൻ കുടിക്കാൻ മോഹം.

ശിവാനി ടി പി







## ത്രിശങ്കു

സ്ത്രീയോ പുരുഷനോ
അല്ല ഞാൻ
മനുഷ്യനാണ്യ ഞാൻ സമൂഹമേ
ജനിച്ചുവീണന്നു തോട്ട്
അവഗണനതൻ മുൾമുനയിൽ
നിർത്തീടുന്നു എന്നെ
ഒരു നികൃഷ്ടജീവിയെ പോലെ
വേട്ടയാടുന്നു....
എന്നേയൊരമ്മ പെറ്റതാണ്
എന്നിലുമുണ്ടൊരു സ്വപ്നക്കൂട്
നിങ്ങളെന്തിനെന്നെ ശത്രുവാക്കീടുന്നു
എന്റെ സ്വപ്നങ്ങളെയെന്തിനു ഹനിച്ചീടുന്നു
ഈ 'ജന്മം' ഞാൻ ചെയ്ത കുറ്റമെന്താണൊ ?
ഒരു മാത്രയെങ്കിലും ഞങ്ങളെ കാണുവാൻ
ലോകമേ നിയോന്നു കൺതുറക്കു
ഞങ്ങളിലുള്ളത് കണ്ണീരല്ല
ജ്വലിക്കുന്ന സ്വപ്നത്തിൻ തീക്കനല്
എത്ര ചവിട്ടിയരച്ചാലും
ഉയർന്നീടും ഞങ്ങൾ ഉയർത്തെഴുന്നേറ്റീടും
ശിഖണ്ഡിതൻ നാൾ മുതൽ
തിരുത്താതെ തുടരുന്നു ഈ ചരിത്രം

ഹൃദ്യഹരി



## തേഞ്ഞുതീരുന്ന ഞാൻ

തേഞ്ഞുതീരുന്ന എന്റെയീ ജീവിതം
നിനക്കു വേണ്ടി മാത്രമായി.
എന്റെയീ വിഷമം ആരോടു
പറയാൻ .....
കണ്ണീർ കടലായി എൻ ലോകം
സഞ്ചാരത്തിലൂടെ ഞാൻ
പുതുലോകമറിയുന്നു.
പുതുവഴികളും തിരഞ്ഞു നീങ്ങുമ്പോൾ
എൻ ജീവിതം തേഞ്ഞുതീരുന്നു.
എൻ കൈയൊന്നു മുറിഞ്ഞാൽ
നീ എന്നെ കളയുകയില്ലേ?
ഇല്ലെയന്നാലും ഞാൻ മുന്നോട്ട് തന്നെ
സഞ്ചരിക്കും നിന്നിലൂടെ.
എല്ലാ വിഷമങ്ങളും മനസ്സിലൊതുക്കി
നിനക്കു വേണ്ടിയെൻ ജീവിതം .....
തേഞ്ഞുതീർത്തു കൊണ്ട്
തെരുവുകൾ താണ്ടി താണ്ടി
പിന്നീട് ഞാൻ ഓടയിലേക്ക്.....

അമൃത പി



## കാറ്റാടിക്കു വിട

ഞാനെൻ ജനലഴിക്കിടയിലൂടതാ
കാണ്മൂ
ആ കൊച്ചു സുന്ദരി കാറ്റാടി മരം.
കാറ്റിനോടും കിളികളോടും പൂക്കളോടും
മിണ്ടി
ആടിയാടി ഇലയുകയാണെൻ പ്രിയ
കാറ്റാടി.
സുന്ദരിയാം അവളെ തഴുകിപ്പായുന്നു
കാറ്റും വെയിലും നിലാവുമെല്ലാം.
ഒരു നാൾ കണ്ടു ഞാനെൻ കാറ്റാടിയെ
വെട്ടി നുറുക്കി തുണ്ടമായ് നിലം
പൊത്തിയ നിലയിൽ.
നിർജ്ജീവമായ് കിടക്കുന്നു മണ്ണിൽ
പാവമെൻ കാറ്റാടി മരം.
കാണുവാൻ കഴിഞ്ഞിലെനിക്കാ കാഴ്ച്ച
എൻ പ്രിയ കാറ്റാടി മരത്തിന്റെ
പതനം.
എൻ നെഞ്ചു പിളർന്നു തുളച്ചു കയറി
ആ കാറ്റാടി തൻ ദയനീയമാം രോദനം.
എന്തിനു മനുഷ്യരേ, നിങ്ങളെൻ
കാറ്റാടിയെ
കൊന്നു കളഞ്ഞു, .... ക്രൂരമായ്?
വേദനയാൽ പുളയുമെൻ പാവം
കാറ്റാടി തൻ ശാപം
വെറുതെ വിടില്ല നിങ്ങളെ മരണം
വരെയും

ശ്രീനന്ദ വി

## മഴയെ പ്രണയിച്ചവൾ

ആര്യനന്ദ അനീഷ്

വേനലിന്റെ അസഹനീയതയാൽ ഞാൻ വീട്ടിൽ നിന്നിറങ്ങി. തൊടിയിലൂടെ അലക്ഷമായി നടന്നു. കഠിനമായ ചൂടിനെ ഒന്ന് ശപിച്ച് മുന്നോട്ട് നീങ്ങവെ എന്റെ മനസ്സിൽ ഒരു മഴക്കാല അനുഭവം ഓർമ്മ വന്നു. മഴക്കാലം ഓർക്കുമ്പോൾ മനസ്സിൽ വന്നത് എന്റെ തറവാട് വീടാണ്. വലിയ പറമ്പും അതിന്റെ ഒത്ത നടുവിൽ വീടും വീടിന് ചുറ്റും പല മരങ്ങളും ചെടികളും അടുക്കളത്തോട്ടവും നിറഞ്ഞ എന്റെ ഇഷ്ട സ്ഥലം. അടുക്കള യുടെ പിന്നാമ്പുറത്ത് നിന്ന് അല്പം നടന്നാൽ കുളം'. കാർമേഘം മൂടിക്കിടക്കുന്ന ആകാശത്തിൽ താഴേക്ക് വീഴാൻ ശ്രമിക്കുന്ന മഴത്തുള്ളികളെ ഞാൻ വീടിന് മുന്നിൽ ഇരുന്ന് ക്ഷമയോടെ നോക്കി നിൽക്കുമായിരുന്നു. കാത്തിരിപ്പിന് അവസാനം കുറച്ച് മഴത്തുള്ളികൾ താഴേക്ക് വീഴാൻ തുടങ്ങും. എന്നാൽ കാറ്റതിനെ അങ്ങ് തഴുകി എവിടേക്കോ കൊണ്ടുപോകും. തറവാടിന് ചുറ്റുമുള്ള മരങ്ങളും ചെടികളും അതിന് സാക്ഷ്യം വഹിക്കും. മഴ പെയ്യാൻ...







## ബലി

പകലിന്റെ ആഗ്രഹങ്ങളും
സന്ധ്യയുടെ മോഹങ്ങളും
നിശയുടെ ഇടവര മ്പിൽ തട്ടിത്തകർന്നു
രക്തമൂറ്റി കുടിച്ചവനും
രക്തം നഷ്ടപ്പെട്ട് പിടഞ്ഞവനും



നിലയ്ക്കാത്ത ഈശ്വര പൂജയിലായിരുന്നു
ആർത്തി പൂണ്ട കണ്ണുകളിൽ
ഹോമത്തിന്റെ തിരയിളക്കമായിരുന്നു
ബലിക്കല്ലിന്റെ ഇളം ചൂടിൽ
പൊതിഞ്ഞ പച്ചമാംസങ്ങൾ
ഇരയുടെ ബാക്കിപത്രങ്ങളായിരുന്നു
ആകാശം മൂടിയ പുകച്ചുരുളുകൾ
തിരയിളക്കത്തിന്റെ പകലിനൊപ്പം
ലക്ഷമില്ലാതകന്നു പോയി
കാലം .......
ബലിക്കല്ലിൻ പൊടി തട്ടി
പിന്നെയും പൂജ തുടങ്ങി

ശിവൻ പട്ടുവം

## ഒറ്റപ്പെടലിന്റെ വേദന

ശ്രിയ കെ

പക്ഷികൾ പാട്ടുപാടുന്ന പുലരിയിൽ പൂക്കൾ ചെറു ചുവടുകളാൽ പ്രഭാതത്തെ സ്വീകരിച്ചു. ഓലക്കുടിലിന്റെ വാതിൽ വലിച്ചു നീക്കി മകൻറെ കയ്യും പിടിച്ച് പണി സാധനങ്ങളും എടുത്ത് നടന്നു. മകനെ സ്കൂളിലാക്കി പണി സാധനങ്ങളും ചുമന്ന് പാടത്തേക്ക് നീങ്ങി . കടുത്ത ചൂടാണെങ്കിലും അതൊന്നും വകവയ്ക്കാതെ ജോലിയിൽ മുഴുകി . ഇടയ്ക്കൊക്കെ കനത്ത ചൂട് തളർത്താൻ ശ്രമിച്ചെങ്കിലും ഉമ അതിലൊന്നും തളർന്നില്ല. മാത്രമല്ല വളരെ ഉത്സാഹത്തോടെയാണ് ജോലി ചെയ്തത് . എല്ലാവരും വിശപ്പ് അകറ്റാനായി ഭക്ഷണം കഴിക്കുമ്പോഴും വെള്ളം കുടിച്ചു കൊണ്ട് വിശപ്പടക്കി. ദാരിദ്ര്യം നിറഞ്ഞ ജീവിതത്തിനിടയിൽ അവൾ വിശപ്പ് എന്തെന്ന് തന്നെ മറന്നു പോയിരിക്കുന്നു . വെയിൽ അകന്നപ്പോൾ കുറച്ചുനേരത്തെ വിശ്രമത്തിനൊടുവിൽ അവൾ സാവധാനം വീട് ലക്ഷ്യമാക്കി നടന്നു . വീട്ടിലെത്തിയപ്പോഴേക്കും അവൾ വളരെ ക്ഷീണിതയായി മാറിയിരിക്കുന്നു. എങ്കിലും ക്ഷീണമെന്നും വകതിരിക്കാതെ മകനെ സ്നേഹത്തോടെ ഭക്ഷണം വിളമ്പുകയും കൂടെയിരുന്ന് കഴിക്കുകയും ചെയ്തു . അതിനിടയിൽ മകൻ അമ്മയോട് തൻറെ സ്കൂളിലെ ഓരോ കാര്യങ്ങൾ പറയും

മകൻറെ കാര്യങ്ങൾ കേൾക്കാൻ വളരെയധികം താൽപര്യം പ്രകടിപ്പിച്ചിരുന്നു . അവളുടെ അവശതയ്ക്കിടയിൽ മകൻറെ നേട്ടങ്ങൾ ആയിരുന്നു അവൾക്ക് ആശ്വാസമേകിയിരുന്നത്. ഉമയുടെ ജീവിതത്തിലെ പ്രതീക്ഷയും ആ മകൻ തന്നെയായിരുന്നു . അവൻറെ ഒരു കാര്യത്തിനും മുടക്കം വരാതിരിക്കാൻ അവൾ പ്രത്യേകം ശ്രദ്ധിച്ചിരുന്നു . അവന്റെ ഏത് ആഗ്രഹവും എത്ര കഷ്ടപ്പെട്ട് ആയാലും സാധിച്ചു കൊടുത്തിരുന്നു. അങ്ങനെ ധാരാളം കഷ്ടപ്പാടും ദാരിദ്ര്യവും സഹിച്ചും അതിനിടയിൽ കൊച്ചു കൊച്ചു സന്തോഷങ്ങൾ കടന്നുവന്നും കുറേക്കാലം മുന്നോട്ടുപോയി. അവസാനം ആഗ്രഹിച്ചത് പോലെയും പ്രതീക്ഷിച്ചതുപോലെയും അവളുടെ മകൻ വലിയ ജോലി ലഭിച്ച് ഉയർന്ന നിലയിൽ എത്തി. എന്നിട്ടും ഉമയുടെ ജീവിതത്തിന് വലിയ മാറ്റമൊന്നും സംഭവിച്ചില്ല .

ഒരു ദിവസം മകൻ നാട്ടിലേക്ക് വരുന്നു എന്നറിഞ്ഞ് ഉമ മകനുവേണ്ടി ഇഷ്ടപ്പെട്ടതെല്ലാം ഒരുക്കിവച്ചു .മകൻ വന്നുകഴിഞ്ഞാൽ കുറച്ചുദിവസം കൂടി താമസിക്കും എന്നും അങ്ങനെയെങ്കിലും ഒറ്റപ്പെടൽ നിന്ന് ഒരു മോചനം ലഭിക്കും എന്നൊക്കെ അവൾ കരുതി. എന്നാൽ അതൊക്കെ വ്യാമോഹം മാത്രമായിരുന്നു. അവൾ മകനെ സ്നേഹത്തോടെ ഭക്ഷണം വിളമ്പി . എന്നാൽ അവനെ അത് കഴിക്കാൻ തീരെ താല്പര്യം ഉണ്ടായിരുന്നില്ല . പിന്നെ കഴിച്ചു എന്ന് വരുത്താനായി എന്തൊക്കെയോ കഴിച്ചു . ചോദിച്ചതിനെല്ലാം മറുപടി പറഞ്ഞതല്ലാതെ അവൻ തിരിച്ചൊന്നും ചോദിച്ചില്ല . താൻ ഉണ്ടാക്കിക്കൊടുത്ത ഭക്ഷണം ഇഷ്ടത്തോടെ കഴിക്കുകയും നന്നായി സംസാരിക്കുകയും ചെയ്തിരുന്ന തന്റെ മകന്റെ ഇത്തരം ഒരു മാറ്റം അമ്മയ്ക്ക് കൊള്ളാനായില്ല .

പുതിയ നാട്ടിലെ ജീവിതം മകൻറെ സ്വഭാവം ഇത്രയ്ക്ക് മാറ്റമെന്ന് അവൾ തീരെ പ്രതീക്ഷിച്ചിരുന്നില്ല .പഴയതുപോലെ സംസാരിക്കുകയും ഭക്ഷണം കഴിക്കുകയും ഒന്നും ചെയ്യുന്നില്ല .എങ്കിലും കുറച്ചുദിവസം കഴിഞ്ഞ് പോകുകയുള്ളൂ എന്നാണ് അവൾ കരുതിയത് .എന്നാൽ അവൻ പിറ്റേദിവസം തന്നെ തിരിച്ചുപോയി .പിന്നീടുള്ള കാലവും ഉമ പഴയതുപോലെ ജോലി ചെയ്തു കഷ്ടപ്പെട്ട് ജീവിച്ചു . എപ്പോഴെങ്കിലും ഒരു കത്ത് അയക്കുമെന്ന് അല്ലാതെ അവൻ ഉമയെ കാണാൻ വന്നതേയില്ല. മകൻറെ ജോലിത്തിരക്ക് കാരണമാവാം അവൻ വരാത്തതെന്ന് ഉമ കരുതി .ഇത്രയും കാലം ജീവിതത്തിൽ വളരെയേറെ പിടിച്ചുനിന്നെങ്കിലും ഇത്തവണ അസുഖം അവളെ തളർത്തി .പക്ഷേ അമ്മ കിടപ്പിലായി എന്ന് അറിഞ്ഞിട്ടും അവൻ അമ്മയെ കാണാൻ വന്നതേയില്ല .

അവന് അവന്റെ ജോലിയും പണവുമായിരുന്നു പ്രധാനം. താൻ അധികകാലം ഇല്ല എന്ന് അവർ മനസ്സിലാക്കി .എന്നാൽ അപ്പോഴും ഉമയുടെ സങ്കടം മകനെ കാണാത്തതിൽ ആയിരുന്നു. അങ്ങനെ ഒരു ദിവസം അമ്മയുടെ അവസ്ഥ മോശമായതറിഞ്ഞു മകൻ വരാമെന്ന് പറഞ്ഞു .എന്നാൽ അവൻ ഒത്തിരി വൈകിപ്പോയിരുന്നു .മകനെ കാണാൻ കാത്തുനിൽക്കാതെ അവൾ കഷ്ടപ്പാട് നിറഞ്ഞ ജീവിതത്തിൽ നിന്നും വിട പറഞ്ഞിരുന്നു. അന്നൊന്നും അവനെ താൻ ചെയ്ത തെറ്റ് തിരിച്ചറിയാൻ കഴിഞ്ഞില്ല .വർഷങ്ങൾ കഴിഞ്ഞപ്പോൾ അവനെ ഇത്തരം അനുഭവങ്ങൾ പാഠമായി .വർഷങ്ങൾക്കു മുൻപ് താൻ അമ്മയോട് ചെയ്ത തെറ്റിനെ കുറിച്ച് അപ്പോൾ അവൻ പശ്ചാത്താപം തോന്നി.

# ഓർമ്മകളുടെ ജാലകം

ശ്രീനന്ദ വി

നശ്വരമീക്കൊച്ചു ജീവിതമെങ്കിലും
മരണം വരെയും നമ്മെ-
യലട്ടുന്നവയാണൊർമ്മകൾ.
സുഖദുഃഖസമ്മിശ്രമാ-
മൊരായിരം ഓർമ്മകൾ
തങ്ങിനിൽപ്പുണ്ടെൻ മനസ്സിൽ
കുളിർക്കാറ്റുപോൽ തഴുകിത്തലോടുന്നവ,
മുള്ളുകൾപോൽ കുത്തിനോവിച്ചവ,
ചവർപ്പും തുളിയും മധുരവും തന്നവ,
ചവിട്ടിമെതിച്ചുകൊല്ലാൻ ശ്രമിക്കുമ്പോഴും
ഫീനിക്സുപക്ഷിപോൽ ഉയർത്തെഴുന്നേൽക്കുന്നവ,
നൂറോർമ്മകൾക്കു നൂറുചിരികൾ.
കൗമാരമെത്തിനിൽക്കെ എൻ മനസ്സിൽ
ആ കൊച്ചു ബാലിക മിന്നി മറയുന്നു.
ആ പുഴയോരവും വയൽവരമ്പും
മണ്ണപ്പം ചുട്ടോരടുക്കളയും
വീടിനുള്ളിൽ പറന്നൊരാക്കൊച്ചു വിമാനവും,
ഒരു ചാറ്റൽമഴപോൽ
കുളിരേകി പെയ്തിറങ്ങുന്നു.
മായാതെ മറയാതെ പാറിക്കളിക്കുന്നു
ചിത്രശലഭങ്ങൾ പോലെൻ ഓർമ്മകൾ.
ഇനിയും ബാക്കിനിൽക്കു-
മിജ്ജീവിതവീഥിയിൽ
ഓർമ്മയുമായെത്ര കാതൽ താണ്ടണം!



# ബെഫാനയുടെ സമ്മാനങ്ങൾ

ദേവനന്ദ പി പി

ക്രിസ്മസ് അമ്മൂമ്മ എന്ന് കേട്ടിട്ടുണ്ടോ...?

ലാ ബെഫാന എന്ന് കേട്ടിട്ടുണ്ടോ ....?

തിരക്ക് കാരണം റോസിമേമിനു നിന്നു തിരിയാൻ നേരമില്ലായിരുന്നു. പക്ഷേ ഞങ്ങളുടെ ജിജ്ഞാസ കാരണം സിസ്റ്റർ ജിൻസി കഥപറയാൻ ആരംഭിച്ചു . ചിലയിടങ്ങളിൽ ക്രിസ്മസ് അപ്പൂപ്പന് പകരം ക്രിസ്മസ് അമ്മൂമ്മയാണ് സമ്മാനവും കൊണ്ട് ക്രിസ്മസ് രാത്രി എത്താറുള്ളത് .തണുപ്പ് സിസ്റ്ററെ വല്ലാതെ ബുദ്ധിമുട്ടിക്കുന്നുണ്ടായിരുന്നു .സിസ്റ്റർക്ക് ഉണ്ടായ അസ്വസ്ഥത ഞങ്ങൾക്കു മനസ്സിലായി .സിസ്റ്റർ ഒരു ചായ കുടിക്കുന്നതിനായി എഴുന്നേറ്റു. ഞങ്ങളുടെ ക്രിസ്മസ് ആഘോഷങ്ങൾക്ക് പ്രോത്സാഹനം തരുന്നത് റോസി മേമാണ് . ഒരു ഇടവേളയ്ക്ക് ഞങ്ങൾ അനാഥാലയത്തിന്റെ പുറത്തിറങ്ങി .പുറത്ത് മഞ്ഞുവീഴ്ച കുറഞ്ഞുവന്നു. ഞങ്ങൾ ക്രിസ്മസ് ട്രീ അലങ്കരിക്കാൻ തുടങ്ങി .ഞാനും സോഫിയും റീസയും കൂടി മഞ്ഞു മനുഷ്യനെ നിർമ്മിക്കാൻ തുടങ്ങി . ഇത് ദുഷ്ട ശക്തികളെ തുരത്താൻ വേണ്ടിയാണ്. പിന്നീട് അനാഥാലയം അലങ്കരിക്കാൻ തുടങ്ങി . അലങ്കാരം കഴിഞ്ഞ് ഞങ്ങൾ ഹാളിൽ ഒത്തുകൂടി .സിസ്റ്റർ റോസി കഥ പറയാൻ ആരംഭിച്ചു.

നൂറ്റാണ്ടുകൾക്ക് മുമ്പ് ഈ ഗ്രാമത്തിൽ അതി സുന്ദരിയായ ഒരു യുവതിയുണ്ടായിരുന്നു. അവളാണ് ലാബെ ഫാൻ . അവളുടെ ഭവനം അങ്ങ് മലമുകളിൽ ആണ് .അവിടെ അവൾക്ക് കൂട്ടായി ഒരു കുഞ്ഞു പൂച്ചയും ഉണ്ടായിരുന്നു .ചില ജാലവിദ്യയൊക്കെ അറിയാമായിരുന്നു എന്നതാണ് അവരുടെ മറ്റൊരു പ്രത്യേകത. കുട്ടികൾക്ക് ബെഫാനയെ വലിയ ഇഷ്ടമായിരുന്നു . തിരിച്ച് നയി ബെഫാനക്കും . ഗ്രാമത്തിൽ വരുന്ന ദിവസങ്ങളിൽ കുട്ടികൾക്ക് സമ്മാനങ്ങൾ നൽകുമായിരുന്നു . ഇങ്ങനെ നല്ല മനസ്സുള്ളവളും പാവങ്ങൾക്ക് എല്ലാവിധ സഹായങ്ങളും നൽകാൻ മടിയില്ലാത്ത ഒരു നല്ല മനസ്സിന്റെ ഉടമയായിരുന്നു . ഇങ്ങനെ നല്ല പ്രവർത്തികൾ ചെയ്യുന്ന വ്യക്തികളെ മാലാഖമാർ സ്വർഗ്ഗത്തിലേക്ക് ക്ഷണിക്കാർ ഉണ്ടായിരുന്നു. അങ്ങനെ ബെഫാനക്കും ഒരു ക്ഷണം കിട്ടി. ബെഫാന തൻറെ പ്രിയപ്പെട്ട കുട്ടികളുടെ ആഘോഷ പരിപാടിയിൽ പങ്കെടുക്കുകയായിരുന്നു.

ആ സമയം മാലാഖമാർ തങ്ങളുടെ തുവെള്ളക്കെട്ട് പോലെയുള്ള മേഘവാഹനവുമായി സ്വീകരിക്കാൻ എത്തി. പക്ഷേ കുട്ടികളെ നിരാശരാക്കാൻ അവർക്ക് പറ്റിയില്ല .പ്രധാന മാലാഖമാരോട് പറഞ്ഞു . ഞാൻ വേഗം തന്നെ ആഗമിക്കാം. കുറച്ച് സമയം എനിക്ക് ആവശ്യമുണ്ട്. അങ്ങനെ മാലാഖമാരെ യാത്രയാക്കി തന്റെ പ്രിയപ്പെട്ട പൂച്ചയുമായി യാത്രയായി.വഴിക്ക് വെച്ച് തന്റെ അരുമയായ പൂച്ചയുടെ കാലിന് പരിക്കുപറ്റി.വേദനകൊണ്ട് പുളഞ്ഞ പൂച്ചക്കുഞ്ഞിന് മരുന്നിനായി ബെഫാന അലഞ്ഞു.അവസാനം അവൾ മരുന്ന് കണ്ടുപിടിച്ചു.അപ്പോഴേക്കും സമയം കുറെയേറെയായിരുന്നു . തങ്ങൾ പറഞ്ഞ സമയത്ത് എത്താതിരുന്നതിനാൽ മാലാഖമാർക്ക് നീരസം തോന്നി . ബെഫാനയുടെ പെരുമാറ്റം തങ്ങളെ അപമാനിച്ചതിനു തുല്യമായി അവർക്ക് തോന്നി . മാലാഖമാർ ബെഫാനക്ക് ശാപം നൽകി. ഞങ്ങളോട് അപമര്യാദയായി പെരുമാറിയ നീ ഒരു വിരൂപയായി തീരട്ടെ. വിരൂപയായി ശാപമേറ്റ സ്വർഗത്തിൽ നിന്നും ഭൂമിയിലേക്ക് വീണു.

ബെഫാനയുടെ വൈരൂപ്യം കണ്ട ജനങ്ങൾ ആകെ പരിഭ്രാന്തരായി. അവർ അലറിവിളിച്ച് ഓടാൻ തുടങ്ങി. ത. പക്ഷേ ഇതൊന്നും വകവെക്കാതെ അവർ കുട്ടികളെ കാണാനും സമ്മാനങ്ങൾ നൽകാനും തുടങ്ങി . പക്ഷേ ജനങ്ങൾ ഇവൾ ഒരു ദുർമന്ത്രവാദിനിയാണെന്ന് കരുതി

അവളുടെ വീട് തകർക്കാൻ ഒരുമ്പെട്ടു .ജനങ്ങളെല്ലാവരും ബെഫാനയെ നക്ഷത്രക്കൂട്ടങ്ങളിലേക്ക് അയക്കാൻ തീരുമാനിച്ചു.

ഗ്രാമത്തിലെ മൂപ്പൻ ഗ്രാമത്തിലെ മൂപ്പൻയോട് പറഞ്ഞു .

"നിനക്ക് ക്രിസ്മസ് രാവിൽ ഭൂമിയിലേക്ക് വരാം .കുട്ടികൾക്ക് സമ്മാനവും നൽകാം. എന്നിട്ട് തിരിച്ച് പോകാം."

ബെഫാനക്ക് അത് അനുസരിച്ചേ മതിയാവുകയുള്ളൂ എന്ന് സിസ്റ്റർ പറഞ്ഞത് കേട്ട് ഞങ്ങളുടെയെല്ലാം കണ്ണ് നിറഞ്ഞുപോയി .


ക്രിസ്മസ് തലേന്ന് കിട്ടിയ ഏറ്റവും വലിയ ഒരു സമ്മാനം എന്നത് സിസ്റ്റർ ആൻ ഞങ്ങളെ ബെഫാനയുടെ കുടിൽ നിന്നിരുന്ന സ്ഥലം കാണിക്കാമെന്ന് ഏറ്റതായിരുന്നു.

അന്നേദിവസം ഞങ്ങൾ ലൂനയുടെ ഭവനം കാണാനാണ് പോകുന്നത് അതിന്റെ തിടുക്കവും ഒരുക്കവും ഞങ്ങളിൽ ഉണ്ടായിരുന്നു. അങ്ങനെ ഞങ്ങൾ യാത്രയായി . അങ്ങ് മലമുകളിൽ മരങ്ങളും മുളകളും ചേർത്ത് നിർമ്മിച്ച വീടിന്റെ അവശിഷ്ടം അവിടെ കണ്ടു .മന്ത്രവാദത്തിന് പറ്റിയ ഒരു അന്തരീക്ഷം . ഞങ്ങളുടെ മുഖത്ത് ഭയവും നിഗൂഢതയും മാത്രം. അവിടെ ഞങ്ങൾ രണ്ടു ചിത്രങ്ങൾ കണ്ടു .ഒന്ന് അതിസുന്ദരിയായ ബെഫാന. വെളുത്ത വട്ടത്തിലുള്ള മുഖം ,ഗ്രീക്ക് പുരാണത്തിലെ അഥീന ദേവിയുടേതു പോലുള്ള ചുണ്ടുകൾ, റോസാപ്പൂവ് കൊണ്ട് നിർമ്മിച്ച തൊപ്പി സിൻഡ്രല്ലയുടെ പോലുള്ള വസ്ത്രം . എന്നാൽ മറ്റേ ചിത്രം ആരും കണ്ടാൽ ഭയക്കുന്ന ദുർമന്ത്രവാവാദിനിയുടേത്. അടുത്ത മുറിയിൽ ബെഫാന കുട്ടികൾക്കായി തയ്യാറാക്കിയ സമ്മാനങ്ങൾ. അപ്പോഴാണ് ഞങ്ങൾക്ക് മനസ്സിലായത് അതൊരു മ്യൂസിയം ആണെന്ന് .

തിരിച്ചുള്ള യാത്രയിൽ ബെഫാന തന്നെയായിരുന്നു സംസാരവിഷയം .അപ്പോൾ സിസ്റ്റർ അമ്മ ഞങ്ങളെ ക്രിസ്മസ് ദിനം നാളെയാണെന്നും ഒരു വിശിഷ്ടാതിഥി വരും എന്നും ഓർമിപ്പിച്ചു. ഞങ്ങൾ തന്നെ ഉണ്ടാക്കിയ സമ്മാനങ്ങൾ കൂട്ടുകാർക്ക് കൊടുത്തു. എനിക്ക് ലൂന എന്ന കുട്ടിയെയാണ് ക്രിസ്മസ് സുഹൃത്തായി കിട്ടിയത്. അവൾ തിരിച്ചും സമ്മാനം നൽകി. പ്രാർത്ഥനാ സമയമായതോടെ ഞങ്ങൾ യേശുവിനെയും മാതാവിനെയും സ്തുതിച്ചു. ആ സമയം അതിഥി എത്തി. സിസ്റ്റർ കനിങ്ങ്. വലിയ കേക്കും ചോക്ലേറ്റും സമ്മാനവുമായി കാറിലാണ് സിസ്റ്റർ എത്തിച്ചേർന്നത്. രാത്രിയായപ്പോൾ ഞങ്ങളുടെ ആഘോഷം തുടങ്ങി.ഞാനായിരുന്നു ബെഫാന ..... ഒരു കൈയിൽ നിറയെ മിഠായിയുള്ള സഞ്ചിയും മറുകയ്യിൽ സമ്മാനങ്ങളുമായി ഞാനും കൂട്ടുകാരും വീടുതോറും കയറിയിറങ്ങി . ഏറ്റവും അവസാനം പടക്കം പൊട്ടിക്കൽ ആയിരുന്നു . അത് കഴിഞ്ഞ് ഞങ്ങൾ റൂമിലെത്തിയപ്പോൾ ഓരോ ബെഡിലും ഓരോ സമ്മാനപതികൾ ..... ഇതു കണ്ട് ഞങ്ങൾക്ക് സന്തോഷത്തിന് അതിരില്ലായിരുന്നു .ബെഫാന വന്നതായിരിക്കുമോ എന്ന് ഞങ്ങൾ സംശയിച്ചു.

താഴെ സിസ്റ്റർ കനിങ്ങും റോസി മേമും ഞങ്ങളുടെ സന്തോഷം ആസ്വദിക്കുന്നുണ്ടായിരുന്നു. അതിഥിയുടെ കയ്യിൽ നിന്നും കാറിന്റെ താക്കോൽ താഴെ വീണു . അപ്പോൾ ഞാൻ അത് എടുത്തു കൊടുത്തു. തിരിച്ചു നടക്കുമ്പോൾ സിസ്റ്റർ അതിഥിയോട് ആയി പറഞ്ഞു. എല്ലാത്തിനും നന്ദി . ഇത് കേട്ടപ്പോൾ എൻറെ മനസ്സിലെ സന്തോഷം പറഞ്ഞറിയിക്കാൻ പറ്റാത്തതായിരുന്നു.





# ഒറ്റപ്പെട്ട നക്ഷത്രം

ദിയ പി

നിലാവിന്റ പ്രഭയിൽ പുഞ്ചിരിച്ച
ആകാശത്തിൽ നിറയുന്ന നക്ഷത്രം.
തന്നാലാകും വിധം പ്രഭ ചൊരിഞ്ഞ
ആകാശത്തെ പുണർന്നു നക്ഷത്രം.
താഴെ ഭൂമിയിലുള്ളവർക്കും
ആ നക്ഷത്രം വെളച്ചം നൽകുന്നു.
കാർമേഘങ്ങൾ നിറഞ്ഞ
ആകാശത്തെ അവൾ വാരിപുണരുന്നു,
വെളിച്ചം നൽകുന്നു
തന്റെ ആകാശത്തൊന്നും വരരുതെ
എന്നവൾ പ്രാർത്ഥിക്കുന്നു....
ഒരു നാൾ കാർമേഘത്താൽ
നിലാവ് മരിക്കുന്നു....
നക്ഷത്രം ആ ഏകാന്തതയിൽ
രാത്രിയിൽ ഒറ്റയ്ക്കിരുന്ന് സങ്കടപ്പെടുന്നു
നിലാവ് മരിക്കുന്നു....
നക്ഷത്രം ആ ഏകാന്തതയിൽ
രാത്രിയിൽ ഒറ്റയ്ക്കിരിക്കുന്ന് സങ്കടപ്പെടുന്നു
നിലാവ് നഷ്ടപ്പെട്ടയാകാശം
കാർമേഘങ്ങളാൽ നിറഞ്ഞു
ഒറ്റയ്ക്കിരുന്ന് വിറയ്ക്കുന്ന
നക്ഷത്രത്തേയും അവളുടെ
സങ്കടങ്ങളെയും അവൻ കാണുന്നില്ല
അവളെ വിൽക്കുവാനായി,
ആർക്കും വേണ്ടാതായി
നിലാവിന്റ ഓർമയിലിരിക്കുന്ന
നക്ഷത്രം ആകാശത്തെ
വേദനിപ്പിക്കാതെ നോക്കുന്നു



# ലഹരി വസ്തുക്കളുടെ ഉപയോഗം ഒരു സാമൂഹ്യ വിപത്ത്

ആര്യശ്രീ



മനുഷ്യനെ നിത്യഃദുഖത്തിലേക്കും അകാലമരണത്തിലേക്കും കൊണ്ടെത്തിക്കുന്ന ഒന്നാണ് ലഹരിവസ്തുക്കൾ. സമൂഹത്തിൽ ഇവ എത്രമാത്രം സ്വാധീനിക്കപ്പെടുന്നുവോ അത്രതന്നെ അപകടകരമായ അവസ്ഥയിലാണ് ഇന്ന് മനുഷ്യൻ്റ പ്രയാണം.ഇവ ഉപയോഗിക്കുന്നത് അന്തസ്സിൻ്റ ചിഹ്നമായി ഒരു കൂട്ടർ കാണുന്നുവെങ്കിലും മറ്റൊരു വിഭാഗത്തിന് ഇത് മനസ്സിൻ്റ പക്വതയില്ലായ്മയുടെ ആനന്തഫലമാണ്.




മദ്യത്തിനും മയക്കമരുന്നിനും അടിമകളാകുന്നവരിൽ ശരീരപ്രതിരോധശോഷി നഷ്ട്മാവുകയും കരൾ,തലച്ചോറ് തുടങ്ങിയ ആന്തരീകാവയവങ്ങളെ സാരമായി ബാധിക്കുകയും ചെയ്യുന്നു. കൂടാതെ മദ്യം കൊണ്ടുള്ള വിപത്തുകൾ കുടുംബഭദ്രതയെ സാരമായി ബാധിക്കുകയും ചെയ്യുന്നു. ലഹരിപദാർഥങ്ങൾ ഉപയോഗിക്കരുതെന്ന് ഉപദേശിക്കുന്നവരെ പുച്ഛിക്കുന്ന സമൂഹത്തെയാണ് നാമിന്ന് കാണുന്നത്. സ്വന്തം കുടുംബത്തെപ്പോലും ഇല്ലാതാക്കാൻ യാതൊരു മടിയും ഇല്ലാ എന്നതുമാത്രമല്ല മദ്യപാനികൾ കുടുംബത്തിനും സമൂഹത്തുനുംവരുത്തിവയ്ക്കുന്ന വിനകൾ കുറച്ചൊന്നുമല്ല. കുടുംബസുരക്ഷ,രാജ്യസുരക്ഷ ഇതൊന്നും അവർക്കൊരു പ്രശ്നമല്ല. ലഹരി വസ്തുക്കൾ ഉപയോഗിക്കരുതെന്ന് മഹാന്മമാർ പറയാറുണ്ട്. മദ്യനിരോധനം മനുഷ്യന്മയ്ക്കും രാഷ്ട്രപുരോഗതിക്കും അത്യന്താപേക്ഷിതമാണ്.



രാഷ്ട്രപിതാവായ ഗാന്ധിജി ഉദ്ബോധിപ്പിച്ചിരിക്കുന്നു.

ഇന്ത്യയുടെ മുഴുവൻ ഭരണാധികായായി താൻ അവരോധിക്കപ്പെട്ടാൽ ആദ്യം ചെയ്യുക നാട് ഒട്ടാകെയുള്ള മദ്യഷോപ്പുകൾക്ക് നഷ്ട്പരിഹാരം കൊടുക്കാതെ നിർത്തലാക്കും എന്നാണ് ഗാന്ധിജി പറഞ്ഞത്. കള്ളുണ്ടാക്കരുത്, കുടിക്കരുത്, കൊടുക്കരുത് എന്ന് നാരായണഗുരു ഉറക്കെ ഉറപ്പിച്ചു പറഞ്ഞിരുന്നു. എന്നാൽ കുത്താൻ വരുന്ന പോത്തിനോട് വേതമോതിയിട്ട് കാര്യമില്ല എന്ന് പറയുന്നതുപോലെ എത്ര ഉപദേശിച്ചിട്ടും നേർവഴിക്കു നടക്കാത്തവരെ നിയമം മൂലം തടയുക തന്നെ വേണം. നിയമത്തെ

മറികടക്കാനുള്ള മനുഷ്യരുടെ വ്യഗ്രതയും അതുമൂലമുണ്ടാകുന്ന ഭവിഷ്യത്തുകളും നാടിനും ഗവൺമെൻ്റിനും തലവേദനകൾ സൃഷ്ടിക്കുന്നു.




അനധികൃതമായ ലഹരി പദാർഥങ്ങളുടെ വിൽപ്പനയും ഉപയോഗവും കണ്ടില്ലെന്ന് നടിക്കുന്ന സർക്കാരുന ജനപിന്തുണ ലഭിക്കില്ല എന്നു മാത്രമല്ല വൻ പ്രതിഷേധങ്ങൾക്ക് കാരണമാവുകയും ചെയ്യും. എന്നാൽമാറി മാറി വരുന്ന സർക്കാരുകൾ മദ്യനിരോധനം പോലെയുള്ള വിദ്യയിലൂടെ ജനങ്ങളെ വഞ്ചിക്കുന്നു.

വലം കൈകൊണ്ട് മദ്യനിരോധനനയങ്ങളിൽ ഒപ്പുവംക്കുകയും ഇടം കൈകൊണ്ട് മദ്യം വിളമ്പുകയും ചെയ്യുന്നു. ഇതിലൂടെ എന്ത് ധാർമികതയാണുള്ളത്.വിദ്യാഭ്യാസ സ്ഥാപനങ്ങളെ ലക്ഷ്യമാക്കിയും ഒളിഞ്ഞും തെളിഞ്ഞും കൗമാരക്കാരായ വിദ്യാർഥികളെ ലഹരിപദാർഥങ്ങൾ വിൽപ്പന



# അതിജീവനം

അനമിത്ര പി



ആയിരം കണ്ണുകളിൽ
ഞാൻ കണ്ടു
ആയിരം കാതുകളിൽ ഞാൻ കേട്ടു
ഒരു കാലം, ഒരു അവസ്ഥ, ഒരു ആനുഭവം.
പാതിവഴിയിൽ തനിച്ചായി പെൺകുട്ടിതൻ
കണ്ണിലെ ചോരനീരൊഴുക്ക്
ആരുമില്ല.... അവൾ തനിച്ചായി
ആയിരമായിരം മനുഷ്യർ
പ്രളയത്തിൽ, മണ്ണൊലിപ്പിൽ, ഉരുൾപൊട്ടലിൽ
നമ്മുടെ പച്ച നിറഞ്ഞ ഭൂമിയിൽ മണ്ണടിഞ്ഞു.
ആരുമില്ലാരുമില്ല.... അവൾ തനിച്ചായി
ഭീകര വിപത്തുമായി ലോകം തലകുനിച്ചു
അന്നു ഞാൻ എല്ലാവരേയും
അടച്ച മുറിയിൽ കണ്ണിൽ കിനാവുമായി കണ്ടു
ആരുമില്ലാരുമില്ല അവൾ തൻചിറകുകളാൽ
പറക്കലായി!!

# ഇന്ത്യയുടെ ബഹിരാകാശ നേട്ടങ്ങൾ

SANDHWANA .P

നമ്മുടെ ഇന്ത്യ ഇപ്പോൾ ലോകത്തിലെ തന്നെ ഏറ്റവും പ്രധാനപ്പെട്ടതും എല്ലായിടത്തും ഒട്ടനവധി പ്രശസ്തി നേടിയ രാജ്യവും കൂടിയാണ്.അങ്ങനെ പ്രശസ്തി നേടിയെടുത്ത ഒരു പ്രധാന കാരണമാണ് ഇന്ത്യയിൽ നിന്ന് ബഹിരാകാശത്തേക്ക് അയച്ച ദൗത്യങ്ങൾ.നമ്മുടെ ഭാരതം ബഹിരാകാശത്തേക്ക് ഒട്ടനവധി ദൗത്യങ്ങൾ അയച്ചിട്ടുണ്ടെങ്കിലും ചിലത് പരാജയമായിട്ടുണ്ട്. അതൊന്നും നോക്കാതെ തന്നെ നമ്മുടെ ഭാരതം അതിനുവേണ്ടി വീണ്ടും പരിശ്രമിച്ച് വിജയം കൈവരിച്ചിട്ടുണ്ട്.

ലോകത്തിലെ ഏറ്റവും വലിയ ബഹിരാകാശവിക്ഷേപണകേന്ദ്രം അമേരിക്കയിലെ NASA ആണെങ്കിലും ലോകം അറിയപ്പെടുന്ന ഒരു വിക്ഷേപണകേന്ദ്രം കൂടിയാണ് നമ്മുടെ ഭാരതത്തിലെ ആന്ധ്രാപ്രദേശിലെ ശ്രീഹരിക്കോട്ട അല്ലെങ്കിൽ ISRO. ഈ വിക്ഷേപണകേന്ദ്രത്തിൽ നിന്നാണ് നമ്മുടെ ഇന്ത്യ ഒട്ടനവധി ദൗത്യങ്ങൾ ബഹിരാകാശത്തേക്ക് പുറപ്പെടുവിച്ചെത്.ഇന്ത്യയിലെ മറ്റൊരു വിക്ഷേപണകേന്ദ്രം കൂടിയാണ് തുമ്പ.




നമ്മുടെ ഇന്ത്യക്ക് ഇപ്പോൾ ഒട്ടനവധി പ്രശസ്തി നേടികൊടുത്ത ഒരു ദൗത്യമാണ് ചാന്ദ്രയാൻ 3. ഇന്ത്യയുടെ ചാന്ദ്രയാൻ 1,2 ഇവ പരാജയപ്പെട്ടപ്പോഴും അത് മറികടന്ന് ലോകത്തിലാദ്യമായി ചന്ദ്രന്റെ ദക്ഷിണധ്രുവത്തിലെത്തിയ പേടകമാണ് ചാന്ദ്രയാൻ 3. ഇന്ത്യയിടെ ദൗത്യത്തിനു മുൻപേ എത്താനുള്ള അമേരിക്കയുടെ ലൂണ 25 എന്ന പേടകത്തെ മറികടന്നാണ് ചാന്ദ്രയാൻ ഇപ്പോൾ ചന്ദ്രന്റെ ദക്ഷിണധ്രുവത്തിൽ സ്ഥിതി ചെയ്യുന്നത്.നമ്മുടെ ചാന്ദ്രയാൻ 3 പേടകം ഇപ്പോൾ ചന്ദ്രന്റെ ദക്ഷിണധ്രുവത്തിൽ ഓക്സിജനും സൾഫറും ജലാംശവുമുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. ചാന്ദ്രയാൻ 3 ചന്ദ്രനിലേക്കുള്ള പേടകമാണെങ്കിൽ അങ്ങ് നമ്മുക്ക് പ്രകാശം തരുന്ന നക്ഷത്രമായ സൂര്യനിലേക്ക് ലോകത്തിലാദ്യമായി നമ്മുടെ ഇന്ത്യ അയച്ച പേടകമായ ആദിത്യ-എൽ-1ഇപ്പോൾ സൂര്യനിൽ എത്തി അവിടെ നിന്ന് സൂര്യനെ കുറിച്ച്പഠിച്ചുകൊണ്ടിരിക്കുകയാണ്.



ഇന്ത്യയുടെ 11ാം രാഷ്ട്രപതിയും ശാസ്ത്രജ്ഞനും എഴുത്തിക്കാരനുമായ A.P.J Abdul Kalam ISRO യെ കുറിച്ചും ശാസ്ത്രപഠനത്തെക്കുറിച്ചും തന്റെ ISROലെ ജീവിതത്തെക്കുറിച്ചുമൊക്കെ വിവരിച്ച് എഴുതിയ ഒരു പുസ്തകമാണ് 'അഗ്നിച്ചിറക്കുകൾ'.ഒടനവധി എഴുത്തുകാർ നമ്മുടെ ബഹിരാകാശ നേട്ടങ്ങൻളെ കുറിച്ച് എഴുതിയിട്ടുണ്ട്.



നമ്മുടെ ഇന്ത്യയിൽ നിന്ന് ആദ്യമായി ബഹിരാകാശത്തെത്ത



# അമ്മയും കുഞ്ഞും

ആര്യപ്രശാന്ത് പവാർ

അമ്മയൊരു സംഗീതമായാൽ മീട്ടും-
വീണയാകുന്നു തൻകുഞ്ഞു പൈതൽ.
അമ്മതൻ തേൻമൊഴിക്കാലം
ഒഴുകുന്ന പുഴ പോലെ
തഴുകുന്ന കാറ്റുപോലെ
പെയ്യുന്ന മഴ പോലെ
പുഞ്ചിരിതൂകി പിച്ചവെച്ച്.
വരുന്നൊരാ ഓമന പൈതലല്ലേ....
എന്നും അവൾ തൻ കനവിലും നിനവിലും
ഒന്നു മാത്രം തൻ പിഞ്ചോമന

–

–



# റോസയും മുക്കുറ്റിയും





ഒരു പണക്കാരനായ സോമന്റെ ഉദ്യാനത്തിൽ രണ്ടു പൂക്കൾ തമ്മിൽ വളരെ തർക്കമായിരുന്നു.അവരാണ് മുക്കുറ്റിയും റോസാപ്പൂവും.മുക്കുറ്റി പാവമായിരുന്നു.റോസാപ്പൂവിന് കുറച്ച് അഹങ്കാരം കൂടുതലായിരുന്നു.റോസാപ്പൂവിന്റെ അഹങ്കാരം കാരണം റോസാണ് ആദ്യം വഴക്കിടാൻ തുടങ്ങുന്നത്.ഒരു ദിവസം റോസാപ്പൂ പറഞ്ഞു. “എന്താടാ,ഇന്ന് നിന്റെ പൂക്കൾ വളരെ ചെറുതാണല്ലോ, എന്നെ കണ്ടോ നല്ല ചുവന്ന് തുടുത്തിരിക്കുന്നത്... പിന്നെ നല്ല സുഗന്ധവും...നീയോ മഞ്ഞ നിറവും ഒരു ഗന്ധവുമില്ല.”പിന്നെ എപ്പോഴും റോസ് മുക്കുറ്റിയെ

കളിയാക്കിക്കൊണ്ടിരിക്കുമായിരുന്നു.റോസ് പറയും"എന്റെ സുഗന്ധം എല്ലാവർക്കും ഇഷ്ടമാണ്,തലയിൽ ചൂടാനും എന്നെയാണ് എടുക്കാറുള്ളത്,പിന്നെ വലിയ വലിയ അതിഥികൾ വരുമ്പോൾ അവർക്ക് എന്റെ കുട്ടമാണ് നൽകാറുള്ളത്...എന്റെ രൂപത്തിലും നിറത്തിലുമാണ് ഇപ്പോൾ വസ്ത്രങ്ങൾ ഇറങ്ങുന്നത്,പിന്നെ എന്റെ മുതലാളിയുടെ മകൾ എപ്പോഴും എന്നെ തലയിൽ ചൂടാറുണ്ട്.വെള്ളം ഒഴിച്ചുതരാറുണ്ട്.നിനക്ക് എനിക്ക് വെള്ളം ഒഴിക്കുമ്പോൾ അൽപ്പം കിട്ടുന്നു എന്നു മാത്രമേയുള്ളൂ".ഇതൊക്കെ മുക്കുറ്റിയെ എപ്പോഴും സങ്കടപ്പെടുത്താറുണ്ട്. പക്ഷെ മുക്കുറ്റിക്ക് വഴക്കിടാൻ താൽപ്പര്യമില്ലായിരുന്നു. ഒരു ദിവസം മുതലാളിയായ സോമന് ഒരു അസുഖം വന്നു . നാട്ടുവൈദ്യനെ കണ്ടു അപ്പോൾ വൈദ്യൻ പറഞ്ഞു "മുക്കുറ്റിച്ചെടി കിട്ടിയാൽ കൊള്ളാമായിരുന്നു. പൂവായാലും മതി”.ഇത് കേട്ട് സോമൻ പറഞ്ഞു.

"എന്റെ ഉദ്യാനത്തിൽ കാണുമായിരിക്കും.” വൈദ്യൻ വേഗം ചെന്ന്

ഉദ്യാനത്തിൽ കണ്ട മുക്കുറ്റിയുടെ ചെടിയെടുത്തു. അതുകൊണ്ട് സോമന് മരുന്നുണ്ടാക്കി നൽകി. കുറച്ച് നിമിഷത്തിനുള്ളിൽ അദ്ദേഹത്തിന്റെ അസ്വസ്ഥതകൾ പതിയെ പതിയെ മാറിത്തുടങ്ങി. ഇതൊക്കെ കണ്ട് റോസിന് വിശ്വാസം വന്നില്ല."നീ ഇത്രയും വലിയ ഒരു സസ്യമായിരുന്നോ!" എന്ന് റോസ് ചോദിച്ചു.ശേഷം "എന്തുകൊണ്ടിത് എന്നോട് പറഞ്ഞില്ല". എന്ന് പറഞ്ഞു. അപ്പോൾ മുക്കുറ്റി പറഞ്ഞു. സ്വന്തം കഴിവ് പറഞ്ഞു നടക്കേണ്ടതിന്റെ ആവശ്യം എനിക്കില്ല. അത് പറഞ്ഞു

നടക്കുന്നവർ അഹങ്കാരികളാണ്.അത് ഞാൻ പഠിച്ചിട്ടില്ല."സ്വന്തം കഴിവിൽ അഹങ്കരിക്കിന്നത് നല്ലതല്ല. പിന്നെ നിന്നെയും ഔഷധമായി ഉപയോഗിക്കാറുണ്ടല്ലോ. കണ്ണിലുണ്ടാകുന്ന രോഗത്തിന് ആദ്യം തേടുന്നത് പനിനീരിനെയല്ലേ".

## <u>सायं सन्ध्या</u>



डयन्ति घगाः समुदम् ।
सूर्यशोभया प्रकृतिः
रक्तस्नानवति ।।
शीतलसुखसमये मम मनः
आनन्दसमुद्रमिव प्रवहति ।
पवने नृत्यति, निद्रामपतत् सुन्दरपुष्पाः
सुन्दरमिदं दृश्यं नेत्रानन्दकरमेव ।।

**Sadhika.k**

## ഓർത്തിടുന്നു ഞാൻ

ശ്രിയ എം വി

ബാല്യകാലത്തിൽ പഴങ്കഥ പാട്ടുകൾ
അമ്മ പറഞ്ഞതോർത്തീടുന്നു ഞാൻ....
ചങ്ങാതി കൂട്ടത്തിനൊപ്പം കളിച്ചതും
മാങ്ങപറിച്ചതും ഓർക്കുന്നു ഞാൻ....



സ്കൂളിന്റെ ബാൽക്കണി തുമ്പിലിരുന്ന്
കൂട്ടരുമൊത്ത് കുശലം
പറഞ്ഞതോർത്തിടുമ്പോൾ....
വ
യലുകൾ താണ്ടി,പുഴയും കടന്നച്ഛന്റെ
കൈപിടിച്ച് പള്ളിക്കൂടത്തിൽ
പോയകാലം....
അറിവിന്റെ വെളിച്ചം പകർന്നു തന്നൊരു....
മ
ാലാഖമാരെ ഞാൻ ഓർത്തിടുന്നു....
എൻ മനസ്സിൽ മായാതെ പാർത്തു
ഈ കൊച്ചു സുന്ദര ഓർമകളും
എത്ര സുന്ദരം,എത്ര മനോഹരം
എൻ മധുര ബാല്യകാലം....

## ജീവനം

ശിവപ്രിയ പി പി

അച്ഛൻ വരച്ചുവച്ച ജീവിതം
അമ്മ എനിക്കു വേണ്ടി വീണ്ടെടുത്തു.
വിധവയായി തീർന്നമ്മ
ജീവിതം മുട്ടാതെ വിധിയെ മറികടന്ന്
പൂട്ടുകൾ ഓരോന്നായ് അമ്മ തുറന്നു.
തീരാദുഃഖത്തിലും ഇളം ചിരിയോടെ എന്നമ്മ
സ്നേഹം മാത്രം പഠിപ്പിച്ചു തന്നു.
തിന്മകളിൽ നിന്നും അകറ്റിനിർത്തി
ഉറക്കത്തിൽ ഞാൻ കേട്ട അമ്മ തൻ തേങ്ങൽ
എന്നുമെനിക്കത് തീരാവേദന.
അമ്മ എന്നിൽ ഒരു വലിയ സ്വപ്നം കണ്ടു
അമ്മ നൽകുന്ന കരുതലെന്നെ
തോൽവികളിൽ നിന്നും മാറ്റി നിർത്തി.

# മാറിമറിയുന്ന വിവരസാങ്കേതികവിദ്യ

**അനാമികാ നിശാദ്**

വിവര സാങ്കേതിക വിദ്യ സാമൂഹ്യവികാസത്തിന്റെ ഉൽപ്പന്നമാണ്. സമൂഹം സൃഷ്ടിച്ചതാണിത്. കമ്പ്യൂട്ടറോ മറ്റ് ഉപകരണങ്ങളോ അടിസ്ഥാനമാക്കി വിവരങ്ങൾ ശേഖരിക്കുക, അയക്കുക സൂക്ഷിക്കുക എന്നിങ്ങനെ പാകപ്പെടുത്തുന്ന ശാസ്ത്രസാങ്കേതിക വിദ്യയാണ് ഐ.ടി. ഒന്നാം നൂറ്റാണ്ടിൽപ്പോലും കമ്പ്യൂട്ടർ ഉപയോഗിച്ചിരുന്നു (അനലോഗ്). ഇത് ആദ്യം അറിയപ്പെട്ട ഗിയർ സംവിധാനമായിരുന്നു. പല കമ്പ്യൂട്ടറുകളും പ്രത്യക്ഷപ്പെടാൻ തുടങ്ങിയത് 1940 മുതലാണ്.



വിവരസാങ്കേതിക വിദ്യക്ക് സമൂഹത്തോളം പഴക്കമുണ്ട്. അറിവിന്റെ ഒരു അസംസ്കൃത രൂപമാണ് വിവരം. ഈ വിവരം കൈകാര്യം ചെയ്യുന്നതിനുള്ള സങ്കേതങ്ങൾ സമൂഹിക ജീവിതത്തിന്റെ തുടക്കം മുതൽ കണ്ടുപിടിച്ചിരുന്നു. അച്ചടി, ടൈപ്പ് റൈറ്റർ തുടങ്ങിയ വിവര സൂക്ഷിപ്പ് രീതികൾ ധാരാളമുണ്ട്.



വിവരവിശകലനത്തിനായുള്ള അബാക്കസ്,കാൽകുലേറ്റർ,കമ്പ്യൂട്ടർ ഇതിൽ പലതും കാലാഹരണപ്പെട്ടിരിക്കുന്നു.അവസാനം എല്ലാവിവരവിനിമയപ്രവർത്തനങ്ങളും എളുപ്പത്തിൽ നടത്താൻ ഉള്ള (www) നിലവിൽ വന്നിരിക്കുന്നു. വിവര സാങ്കേതികവിദ്യയുടെ പ്രധാനഘടകങ്ങൾ ഉപകരണങ്ങളും സോഫ്റ്റ്വെയറുകളും മാധ്യമവും ആണിത്.

വിവര സാങ്കേതിക വിദ്യയുടെ ലോകം വളരെ വിശാലമാണ്. അതിൽ ധാരാളം മേഖലകളുണ്ട്. പ്രക്രിയകളും, കമ്പ്യൂട്ടർ സോഫ്റ്റ് വെയറുകൾ, പ്രോഗ്രാമിങ് എല്ലാം ഇതിൽപ്പെടും . എന്നാൽ ആ ലോകം ഇതിൽ മാത്രം പരിമിതമാണ്. ആദ്യകാല രചനാ സംവിധാനങ്ങൾ വികസിപ്പിച്ചത് മുതൽ മനുഷ്യർ വിവരങ്ങൾ ശേഖരിക്കുകയും വീണ്ടെടുക്കുകയും കൈകാര്യം ചെയ്യുകയും ചെയ്തിരിക്കുന്നു. 9-ാമത്തെ പഞ്ചവത്സര പദ്ധതിക്കാലം മുതൽ സംസ്ഥാന സമ്പദ്ഘടനയുടെ വളർച്ചയെ ശക്തിപ്പെടുത്തുന്ന പ്രധാന മേഖലകളിൽ ഒന്നാണ് വിവര സാങ്കേതിക വിദ്യ. വിവരങ്ങൾ സൂക്ഷിക്കുവാനും സംസ്കരിച്ചെടുക്കുവാനും വേണ്ടിയുള്ള ഇലക്ട്രിക്ക് ഉപകരണമാണ് കമ്പ്യൂട്ടർ. നിർദേശങ്ങളുടെ ഒരു സമാഹാരം മുഖേന വിവരങ്ങൾ നടപടിക്കു വിധേയമാക്കുന്ന പ്രയോഗ ഉപകരണം. ഇന്ന് പലരുടെയും കൂട്ടുകാരെപോലെ കൊണ്ടുനടക്കുന്ന മറ്റൊരു ഉപകരണം കൂടിയുണ്ട് മൊബൈൽ ഫോൺ ഇതിന് ദോഷങ്ങൾ ഉണ്ട്, മേന്മകളുണ്ട് എന്നാൽ വിവരസാങ്കേതികത്തിനായുള്ള പ്രധാന ഉപാധിയാണ്.



ശബ്ദ പ്രക്ഷേപണത്തിനുള്ള ഒരു ഉപാധിയാണ് റേഡിയോ. ഇന്ത്യയിൽ ഒരു കാലത്ത് പ്രചാരമുള്ള റേഡിയോ

# ഓർമ്മകളുടെ ജാലകം


ശ്രീനന്ദ വി




നശ്വരമീക്കൊച്ചു ജീവിതമെങ്കിലും
മരണം വരെയും നമ്മെ-
യലട്ടുന്നവയാണോർമ്മകൾ.
സുഖദുഃഖസമ്മിശ്രമാ-
മൊരായിരം ഓമ്മകൾ
തങ്ങിനിൽപ്പുണ്ടെൻ മനസ്സിൽ.
കുളിർക്കാറ്റുപോൽ തഴുകിത്തലോടുന്നവ
മുള്ളുകൾപോൽ കുത്തിനോവിച്ചവ
ചവർപ്പും പുളിയും മധുരവും തന്നവ
ചവിട്ടിമെതിച്ചു കൊല്ലാൻ ശ്രമിക്കുമ്പോഴും
ഫീനിക്സ് പക്ഷിപോൽ ഉയർത്തെഴുന്നേൽക്കുന്നവ.
നൂറോർമ്മകൾക്ക് നൂറുരുചികൾ.
കൗമാരമെത്തിനിൽക്കേ എൻ മനസ്സിൽ
ആ കൊച്ചു ബാലിക മിന്നി മറയുന്നു.
ആ പുഴയോരവും വയൽവരമ്പും
മണ്ണപ്പം ചുട്ടോരടുക്കളയും
വീടിനുള്ളിൽ പറന്നൊരാക്കൊച്ചു വിമാനവും
ഒരു ചാറ്റൽ മഴപോൽ
കുളിരേകി പെയ്തിറങ്ങുന്നു
മായാതെ മറയാതെ പാറികളിക്കുന്നു
ചിത്രശലഭങ്ങൾ പോലെൻ ഓർമ്മകൾ.
ഇനിയും ബാക്കിനിൽക്കു-
മീജ്ജീവിതവീഥിയിൽ.

## ചിത്രജാലകത്തിലൂടെ........................................








Vaiga. K
VIII-D


Vaiga. K
VIII-D














Jan and Dan
A hen in a keg
A kid in a pit
we did it!




Fox on a log
popcorn
Jug and mug on a rug
Fun in the sun
what are you doing?
Camp fun







MADAYI SUBDIST SASTHROLSAVAM
IT FAIR
alayalam Typing HS
Ist A Grade
Diya P
Animation HS
Ist A Grade
Jyothika K V
Malayalam Typing UP
Ist A Grade
AyshA T P
Presentation HS
IInd A Grade
Anunanda K
IT Quiz HS
IIIrd A Grade
Sreeya K
Digital Painting UP
A Grade
Dhyana U
Scratch HS
A Grade
Hana Haris
Web Page Designing HS
B Grade
Neeraja K
Digital Painting HS
B Grade
Anamika K

# നന്ദി